<u>15 -ാം കേരള നിയമസഭ</u>

<u>2 -ാം സമ്മേളനം</u>

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1311</u>** **<u>27-07-2021 - ൽ മറുപടിയ്ക്ക്</u>**

**<u>രാജ്യറാണി എക്സ്പ്രസ്സ്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ റീജണൽ കാൻസർ സെന്ററിലേക്കുള്ള രോഗികൾ ഉൾപ്പെടയുള്ള യാത്രക്കാർ സ്ഥിരമായി ആശ്രയിക്കുന്ന നിലമ്പൂർ - കൊച്ചുവേളി രാജ്യറാണി എക്സ്പ്രസ്സ് തിരുവനന്തപുരം സെൻട്രൽ സ്റ്റേഷനിലേക്ക് നീട്ടണമെന്ന ആവശ്യം പരിഗണിക്കുമോ; | (എ) | നിലമ്പൂർ - തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ്സ് കൊച്ചുവേളിയിൽ യാത്ര അവസാനിപ്പിക്കുന്നതുമൂലം യാത്രക്കാർക്ക് തിരുവനന്തപുരം നഗരത്തിൽ എത്തിച്ചേരുവാൻ ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി ട്രെയിൻ തിരുവനന്തപുരം വരെ നീട്ടണമെന്ന് റെയിൽവേയോട് അഭ്യർത്ഥിക്കുകയുണ്ടായി. ടെർമിനലുകളുടെ അപര്യാപ്തത കാരണം ഈ നിർദ്ദേശം പ്രായോഗികമല്ല എന്ന നിലപാടാണ് റെയിൽവേ കൈക്കൊണ്ടിട്ടുള്ളത്. എന്നിരുന്നാലും രാജ്യറാണി എക്സ്പ്രസ് തിരുവനന്തപുരം സെൻട്രലിലേക്ക് തന്നെ നീട്ടണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രിയോട് വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെ അഭ്യർത്ഥന മാനിച്ച് രാജ്യറാണി എക്സ്പ്രസ് തിരുവനന്തപുരം റെയിൽവേ സ്റ്റേഷൻ വരെ നീട്ടുന്ന കാര്യത്തിൽ റെയിൽവേയുടെ ഭാഗത്തു നിന്ന് അനുഭാവപൂർണമായ സമീപനം കൈക്കൊള്ളുമെന്ന് കരുതുന്നു. |
| (ബി) | യാത്രക്കാരുടെ പ്രയാസങ്ങൾ കണക്കിലെടുത്ത് ഇക്കാര്യത്തിൽ അനുകൂല നടപടികൾ സ്വീകരിക്കുമോ; പ്രസ്തുത ട്രെയിനിൽ കൂടുതൽ എ.സി., നോൺ എ. സി. കോച്ചുകൾ അനുവദിക്കുന്ന വിഷയം റെയിൽവേ അധികൃതരുടെ ശ്രദ്ധയിൽപെടുത്തുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | നിലമ്പൂർ - തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ്സ് കൊച്ചുവേളിയിൽ യാത്ര അവസാനിപ്പിക്കുന്നതുമൂലം യാത്രക്കാർക്ക് തിരുവനന്തപുരം നഗരത്തിൽ എത്തിച്ചേരുവാൻ ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി ട്രെയിൻ തിരുവനന്തപുരം വരെ നീട്ടണമെന്ന് റെയിൽവേയോട് അഭ്യർത്ഥിക്കുകയുണ്ടായി. ടെർമിനലുകളുടെ അപര്യാപ്തത കാരണം ഈ നിർദ്ദേശം പ്രായോഗികമല്ല എന്ന നിലപാടാണ് റെയിൽവേ കൈക്കൊണ്ടിട്ടുള്ളത്. എന്നിരുന്നാലും രാജ്യറാണി എക്സ്പ്രസ് തിരുവനന്തപുരം സെൻട്രലിലേക്ക് തന്നെ നീട്ടണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രിയോട് വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെ അഭ്യർത്ഥന മാനിച്ച് രാജ്യറാണി എക്സ്പ്രസ് തിരുവനന്തപുരം റെയിൽവേ സ്റ്റേഷൻ |

| | | | |
|---|---|---|---|
| | | | വരെ നീട്ടുന്ന കാര്യത്തിൽ റെയിൽവേയുടെ ഭാഗത്തു നിന്ന് അനുഭാവപൂർണമായ സമീപനം കൈക്കൊള്ളുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ